# മാന്ത്രികക്കണ്ണാടിയും സ്നോവൈറ്റും

**ഗ്രിം ബ്രദേഴ്സ്**
**പുനരാഖ്യാനം: വർഷിണി വിനോദിനി**

അങ്ങനെ ഒരുനാൾ കുതിരസവാരിയിൽ ഏർപ്പെട്ട ഒരു രാജകുമാരൻ ആ വനത്തിൽ എത്തിപ്പെട്ടു. യാദൃച്ഛികമായി കുള്ളന്മാരുടെ വസതി കാണുകയും ആ രാത്രി അവിടെ തങ്ങാനുള്ള അനുമതി തേടുകയും ചെയ്തു.

പിറ്റേന്ന് പ്രഭാതത്തിൽ യാത്ര തുടർന്ന രാജകുമാരൻ മലഞ്ചെരുവിലെ ചില്ലുമഞ്ചം കാണുവാനിടയായി. സ്വർണ്ണാക്ഷരങ്ങളിൽ അതിൽ കുറിച്ച വിവരങ്ങൾ വായിച്ചറിഞ്ഞു.

''നിങ്ങൾ ചോദിക്കുന്നതെന്തും പ്രതിഫലമായി ഞാൻ നൽകാം, ഈ ശവമഞ്ചം എനിക്കു തരുമോ..?'' രാജകുമാരൻ വളരെ താൽപര്യത്തോടെ ആവശ്യപ്പെട്ടു.

'ഈ ലോകത്തിലെ സ്വർണ്ണം മുഴുവൻ തരാമെന്ന് പറഞ്ഞാലും ഞങ്ങൾ തരില്ല' എന്നായിരുന്നു മുതിർന്ന കുള്ളന്റെ മറുപടി.

''എങ്കിൽ എനിക്കീ മഞ്ചം ഒരു സമ്മാനമായി തരൂ.. എന്തെന്ന് അറിയില്ല, ഈ പെൺകുട്ടിയുടെ മേൽ എനിക്ക് വല്ലാത്ത സ്നേഹം തോന്നുന്നു. ഇവൾ ഇല്ലാതെ എനിക്ക് ജീവിക്കാനാകുമോ എന്നു പോലും സംശയമാണ്. അവളെ എനിക്ക് വിട്ടുതന്നാൽ വേറൊരു പെൺകുട്ടിയും അനുഭവിക്കാത്തത്രയും ബഹുമതിയും പരിചരണവും ഞാനവൾക്ക് നൽകുന്നതായിരിക്കും.''

രാജകുമാരൻ വിട്ടുകൊടുക്കാൻ തയ്യാറല്ലായിരുന്നു.

ആ സ്നേഹം അറിഞ്ഞ കുള്ളന്മാർ അനുകമ്പ തോന്നി സ്നോവൈറ്റിനെ രാജകുമാരനു സമ്മാനിച്ചു.

കുമാരൻ തന്റെ പരിചാരകന്മാരുടെ സഹായത്തോടെ വളരെ ശ്രദ്ധാപൂർവ്വം ആ മഞ്ചം ചുമലിലേറ്റി പുറപ്പെട്ടു. പെട്ടെന്നായിരുന്നു, ഒരു പരിചാരകന്റെ കാലു തെന്നുകയും മഞ്ചം കുലുങ്ങുകയും ചെയ്തത്.

ആ ഇളക്കത്തിൽ സ്നോവൈറ്റിന്റെ വായിൽ തങ്ങിനിന്നിരുന്ന വിഷം പുരണ്ട ആപ്പിൾ കഷ്ണം പുറത്തേക്ക് തെറിച്ചു പോയി. നിമിഷങ്ങൾക്കകം സ്നോവൈറ്റ് കണ്ണ് തുറന്ന് മഞ്ചത്തിന്റെ മൂടി ഉയർത്തി തന്റെ സാന്നിധ്യം അറിയിച്ചു.

സ്നോവൈറ്റിനു വീണ്ടും ജീവൻ തിരിച്ചു കിട്ടിയിരിക്കുന്നു.

''അയ്യോ...ഞാനിത് എവിടെയാണ്?'' അവൾ കരഞ്ഞു പോയി.





സന്തോഷചകിതനായ രാജകുമാരൻ അവളുടെ അരികിൽ ഓടിയെത്തി അറിയിച്ചു, ''പ്രിയപ്പെട്ട സ്നോവൈറ്റ്, ഭയക്കേണ്ടതില്ല.. നീ എന്റെ കൂടെയാണ്.''

താൻ സുരക്ഷിതയാണെന്നറിഞ്ഞ സ്നോവൈറ്റ് തന്റെ ജീവിതകഥ മുഴുവൻ രാജകുമാരന് വിവരിച്ചു കൊടുത്തു.

സ്നോവൈറ്റിനോട് വളരെ ഇഷ്ടം തോന്നിയ രാജകുമാരൻ അവളോട് പറഞ്ഞു: ''ഇനി നീ ഭയക്കേണ്ടതില്ല.... നീ എന്റെ പ്രിയപ്പെട്ട കൂട്ടുകാരിയാണ്. നമുക്ക് എന്റെ അച്ഛനെ വിവരങ്ങൾ അറിയിക്കാം. മാത്രമല്ല, നമുക്ക് വിവാഹിതരായി കൊട്ടാരത്തിൽ ഇനിയുള്ള കാലം ജീവിതം നയിക്കാം.''

ശവമഞ്ചത്തിൽ നിന്ന് സ്നോവൈറ്റിനെ പല്ലക്കിലാക്കി അവർ കൊട്ടാരത്തിലേക്ക് യാത്ര തിരിച്ചു.

കഥകളറിഞ്ഞ രാജാവ് തന്റെ പുത്രന്റെ തീരുമാനത്തിൽ അഭിമാനം കൊള്ളുകയും ആഘോഷപൂർവ്വം അവരുടെ വിവാഹം നടത്തിക്കൊടുക്കാനുള്ള ഏർപ്പാടുകൾ തുടങ്ങുകയും ചെയ്തു.

യാദൃച്ഛികമെന്നോണം സ്നോവൈറ്റിന്റെ രണ്ടാനമ്മയും വിവാഹക്ഷണപത്രികയിൽ ഉൾപ്പെട്ടിരുന്നു. വിവാഹത്തിൽ പങ്കുകൊള്ളാൻ പുറപ്പെട്ട രണ്ടാനമ്മ അണിഞ്ഞൊരുങ്ങി മാന്ത്രികക്കണ്ണാടിക്കു മുന്നിൽ തന്റെ സൗന്ദര്യം ആസ്വദിച്ചു.

എന്നത്തെയും പോലെ അന്നും ചോദിക്കാതിരിക്കാനായില്ല:

''മാന്ത്രികക്കണ്ണാടീ, പറയൂ...

ഞാനല്ലേ ഈ പ്രപഞ്ചത്തിലെ ഏറ്റവും വലിയ സുന്ദരി?''

രാജ്ഞിയെ അത്ഭുതപ്പെടുത്തിക്കൊണ്ട് കണ്ണാടി പറഞ്ഞു:

''ഇവിടെ നിങ്ങൾ സുന്ദരിയായി കാണപ്പെടുന്നുണ്ടെങ്കിലും വിവാഹം നടക്കുന്ന കൊട്ടാരത്തിൽ നിങ്ങളുടെ സൗന്ദര്യത്തെ വെല്ലുന്ന സൗന്ദര്യം ദർശിക്കാനാവും. വിവാഹിതയാവാൻ പോകുന്ന രാജകുമാരി തന്നെയായിരിക്കും അതിനർഹയായിട്ടുള്ളവൾ.''

ആ മറുപടി രാജ്ഞിയെ ഒട്ടൊന്നുമല്ല പരിഭ്രമിപ്പിച്ചത്. അവൾ അട്ടഹസിച്ച് തന്റെ പ്രതിഷേധം അറിയിച്ചു.

വിവാഹത്തിൽ പങ്കെടുക്കില്ലെന്ന് ആദ്യം തീരുമാനിച്ചെങ്കിലും, ആ സുന്ദരിയായ വധുവിനെ കാണുക എന്ന ലക്ഷ്യത്തോടെ അവർ പുറപ്പെട്ടു.

അവിടെ എത്തിയ രാജ്ഞി സ്നോവൈറ്റാണ് ആ സുന്ദരിയായ വധുവെന്നു കണ്ട് നിശ്ചലയായി. മനോഹരമായ വർണ്ണാഡംഭര വസ്ത്രങ്ങളണിഞ്ഞ് നിൽക്കുന്ന സ്നോവൈറ്റിനെ അവർക്ക് അംഗീകരിക്കാനായില്ല.

സൽക്കാരങ്ങളും ആഘോഷങ്ങളും അരങ്ങേറുന്ന മുറിയിലേക്ക് പ്രവേശിക്കാൻ ഒരുമ്പെട്ടെങ്കിലും രാജ്ഞിക്ക് അതിനാകുന്നില്ലായിരുന്നു. തന്റെ കാലിൽ ഇരുമ്പു കൊണ്ടുണ്ടാക്കിയ പാദരക്ഷകൾ ഉള്ളതായും, അവക്കുള്ളിൽ തീക്കനലുകൾ കോരിയിട്ടിരിക്കുന്നതായും അനുഭവപ്പെട്ടു.

എങ്കിലും മനസ്സിലെ ജീർണ്ണത പുറത്തേക്ക് തള്ളി. തന്ത്രത്തിൽ ഏർപ്പെട്ട ആ രണ്ടാനമ്മക്ക് അധികം ചുവടുകൾ വെക്കാനായില്ല.

കനലെരിയുന്ന ആ പാദരക്ഷകൾ അവരെ നിലം പതിപ്പിച്ചു.

അങ്ങനെ അസൂയക്കും ക്രൂരതക്കും ലഭിച്ച പര്യായമായി ആ രാജ്ഞിയുടെ കാലം കഴിഞ്ഞു.

✦

(അവസാനിച്ചു)